ലക്ഷംവീടുകൾ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി

158 [1097] ശ്രീ. വി. കെ. ചന്ദ്രൻ :
,, ടി. കെ. ദേവകുമാർ :
,, കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലക്ഷംവീടുകൾ പുനരുദ്ധരിക്കുന്നതിനുള്ള ഏതെങ്കിലും പദ്ധതിക്ക് രൂപം നൽകിയിരുന്നോ : എങ്കിൽ എന്നാണ് പദ്ധതിക്ക് അംഗീകാരം നൽകിയത് ;

(ബി) പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്താമോ ;

(സി) ഈ പദ്ധതി അനുസരിച്ചുള്ള നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ : ഉണ്ടെങ്കിൽ എത്ര വീടുകളുടെ പുനരുദ്ധാരണം പൂർത്തിയായിട്ടുണ്ട് ;

(ഡി) പുനരുദ്ധാരണം നടത്തേണ്ട വീടുകളുടെ സർവ്വേ നടത്തിയിട്ടുണ്ടോ ;

(ഇ) പദ്ധതി അനുസരിച്ച് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് എന്തു തുക ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത് ; ഇതിനാവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോ ;

(എഫ്) പുനരുദ്ധാരണ പ്രവർത്തനം എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലക്ഷംവീടുകൾ പുനരുദ്ധരിക്കുന്നതിനായി സർക്കാർ ലക്ഷംവീട് നവീകരണ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ടി പദ്ധതിക്ക് 26-11-2004-ലെ ജി.ഒ. (എം.എസ്.) 57/2004/ഭവനം പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) 57590 ഒറ്റ വീടുകളും, 16309 ഇരട്ട വീടുകളും (32618 കുടുംബങ്ങൾക്കായി) ഉൾപ്പെടെ മൊത്തം 90208 വീടുകളാണ് ലക്ഷംവീട് പദ്ധതിയനുസരിച്ച് 1972 കാലഘട്ടത്തിൽ നിർമ്മിച്ചിട്ടുള്ളത്. ഏകദേശം മൂന്ന് സെന്റ് ഭൂമിയിലാണ് ഇരട്ട വീടുകൾ പണിതിട്ടുള്ളത്. ഒറ്റ വീടുകൾ പുതുക്കിപ്പണിയുന്നതിനും ഇരട്ട വീടുകൾ ഒറ്റവീടുകളായി പുതുക്കിപ്പണിയുന്നതിനുമാണ് ലക്ഷംവീട് നവീകരണ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഒരു വീട് പുതുക്കിപ്പണിയുന്നതിനുള്ള ചെലവ് 40,000 രൂപയാണ്. ഓരോ വീടും നവീകരിക്കാൻ വേണ്ടി വരുന്ന തുകയുടെ 50% (പരമാവധി 20,000 രൂപ) സർക്കാർ സഹായമായും ബാക്കി 50% തുക സന്നദ്ധ സംഘടനകൾ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്നു. ഭവന നിർമ്മാണ ബോർഡിനാണ് പദ്ധതി നടത്തിപ്പിന്റെ ചുമതല.

(സി) 893 വീടുകളുടെ പുനരുദ്ധാരണം പൂർത്തിയായിട്ടുണ്ട്. 230 വീടുകളുടെ നവീകരണം പൂർത്തിയായി വരുന്നു.

(ഡി) ഇല്ല.

(ഇ & എഫ്) 57590 ഒറ്റ വീടുകൾ പുതുക്കിപ്പണിയുന്നതിനും 16309 ഇരട്ട വീടുകൾ പുതുക്കിപ്പണിത് 32618 ഒറ്റ വീടുകൾ ആക്കുന്നതിനുള്ള ആകെ ചെലവ് 361 കോടി രൂപയായി കണക്കാക്കുന്നു. 26-11-2004-ലെ ജി.ഒ. (എം.എസ്.) 57/2004/ഭവനം പ്രകാരം ലക്ഷംവീട് നവീകരണ പദ്ധതി സർക്കാർ അംഗീകരിക്കുകയും 2004-2005 സാമ്പത്തിക വർഷം 5 കോടി രൂപ അനുവദിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് 2500 വീടുകൾ പഞ്ചായത്ത് വിഹിതവും കൂടി ഉൾപ്പെടുത്തിക്കൊണ്ട് പുതുക്കിപ്പണിയുന്ന

LIBRARY ARCHIVES Kerala Legislative Assembly

നിനുള്ള അനുമതി നൽകി. എന്നാൽ 2004-05-ൽ 5 കോടി രൂപ അനുവദിച്ചിരുന്നു എങ്കിലും ബഡ്ജറ്റിൽ തുകയൊന്നും വകക്കൊള്ളിക്കുകയുണ്ടായില്ല. പദ്ധതി നടത്തിപ്പിന് ആവശ്യമായ തുക (വീടൊന്നിന് 20,000 രൂപ നിരക്കിൽ) ബോർഡ് ഫണ്ടിൽനിന്നും ചെലവഴിക്കുകയാണുണ്ടായത്. 2005-06 ബഡ്ജറ്റിലും തുകയൊന്നും വകക്കൊള്ളിച്ചിട്ടില്ല. 2004-05-ലെ 5 കോടി രൂപയും 2005-06-ൽ 5000 വീടുകൾക്ക് 10 കോടി രൂപയും ചേർത്ത് 15 കോടി രൂപ 2005-06-ലെ ബഡ്ജറ്റിൽ വകകൊള്ളിച്ച് ബോർഡിന് നൽകണമെന്ന ബോർഡിന്റെ ആവശ്യം പരിശോധിച്ചുവരുന്നു.

പട്ടം വില്ലേജിൽ സർക്കാർ ഏറ്റെടുത്ത മിച്ചഭൂമി

159 [1098] ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം താലൂക്കിൽ പട്ടം വില്ലേജിൽ തിരുവനന്തപുരം തഹസിൽദാരുടെ 26/12/1989-ലെ 6780/77-ാം ഉത്തരവ് പ്രകാരം ഏതെല്ലാം സർവ്വേ നമ്പറുകളിലായി എത്ര മിച്ചഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; ആയതിന്റെ സ്കെച്ചും ലാന്റ് രജിസ്റ്ററിന്റെ പകർപ്പും ലഭ്യമാക്കുമോ ;

(ബി) ഏറ്റെടുത്ത മിച്ചഭൂമി എത്ര കുടികിടപ്പുകാർക്കായി എത്ര മിച്ചഭൂമി പതിച്ചു നൽകിയിട്ടുണ്ടെന്നും ശേഷിക്കുന്നത് സർക്കാരിന്റെ കൈവശം എത്രയുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) സർവ്വേ നമ്പർ 2153-ൽപ്പെട്ട മിച്ചഭൂമിയിൽ നിന്നും ഭൂമി ലഭിക്കുന്നതിന് ഏതെല്ലാം സംഘടനകളാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്നും അവയിൽ എത്ര എണ്ണത്തിന്റെ അന്വേഷണ റിപ്പോർട്ടുകൾ പൂർത്തിയായിട്ടുണ്ടെന്നും വെളിപ്പെടുത്താമോ ;

(ഡി) ഈ ഭൂമി സ്വകാര്യ വ്യക്തികൾ തട്ടിയെടുത്തതിനെ സംബന്ധിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതിൻമേൽ നാളിതുവരെയായി എന്തെല്ലാം തുടർ നടപടികൾ പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചു വരുന്നു.

സൗജന്യ നിരക്കിൽ പതിച്ചു നൽകിയ സർക്കാർ ഭൂമി

160 [1099] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെയായി ഏതെല്ലാം സാമുദായിക സംഘടനകൾക്ക് എത്ര ഹെക്ടർ സർക്കാർ ഭൂമി സൗജന്യ നിരക്കിൽ പതിച്ചു നൽകിയെന്നും ഇപ്രകാരം എത്ര ഹെക്ടർ ഭൂമി ഓരോ സംഘടനയ്ക്കും നൽകിയെന്നും അതിന് നിശ്ചയിച്ച വില എത്രയായിരുന്നുവെന്നും വിശദമാക്കാമോ ;

(ബി) അന്തരിച്ച സാഹിത്യ സാംസ്കാരിക നായകന്മാരായ വി. ടി. ഭട്ടതിരിപ്പാട്, കുറ്റിപ്പുഴ കൃഷ്ണപിള്ള, എ. ടി. കോവൂർ, എം. സി. ജോസഫ്, പൊൻകുന്നം വർക്കി എന്നിവരുടെ സ്മാരകം നിർമ്മിക്കാൻ നാളിതുവരെയായി സർക്കാർ ഭൂമി അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly